# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5497 - 02/11/2016 - ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം**

**ഉത്തരം**

**ശ്രീ. രാജു എബ്രഹാം**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഓരോന്നിലും എത്ര ശതമാനം വീതമാണ് കേന്ദ്ര സർക്കാർ വിഹിതമെന്നും സംസ്ഥാന സർക്കാർ വിഹിതമെന്നും പദ്ധതികളുടെ പേരുസഹിതം ഇനം തിരിച്ച് വ്യക്തമാക്കാമോ; | നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇക്കഴിഞ്ഞ 5 വർഷം മേൽപ്പറഞ്ഞ ഓരോ പദ്ധതികൾക്കുമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയും യഥാർത്ഥത്തിൽ സംസ്ഥാനം നേടിയെടുത്ത തുകയും എത്ര വീതമെന്ന് വർഷം തിരിച്ച് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഈ തുക ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ എത്ര ശതമാനം വീതമാണ് എന്ന് വ്യക്തമാക്കാമോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക (State's Allocation) സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് കഴിഞ്ഞ 5 വർഷം (2010-11 മുതൽ 2014-15 വരെ) ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | സംസ്ഥാന സർക്കാർ വിഹിതം നൽകാതിരുന്നതിനാൽ നടപ്പിലാക്കാൻ കഴിയാതെ പോയ കേന്ദ്ര സഹായ പദ്ധതികൾ ഏതൊക്കെ എന്നും ഇത് ഏതൊക്കെ വർഷങ്ങളിലാണ് ഉണ്ടായിട്ടുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | കേന്ദ്രം വിഹിതം ലഭിച്ചിട്ടും സംസ്ഥാന വിഹിതം നൽകാതിരുന്നതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടില്ല. |
| (ഡി) | കേന്ദ്രവിഹിതം ലഭിക്കാതെ പോയതിനാൽ ഏതെങ്കിലും പദ്ധതികൾ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടും നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ? | കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിയാതെപോയ പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. |

*അക്കൗണ്ട്സ് ഓഫീസർ*

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്